8/4/22

6/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 51(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 898/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 6**

ശ്രീ. വി. വിജയകുമാർ,
ചാണി പാരത്ത്,
സി.എം.സി.26,
ചേർത്തല പി.ഒ.,
പിൻ – 688 524.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,
റവന്യു ഡിവിഷൻ,
ചേർത്തല മുനിസിപ്പാലിറ്റി, ചേർത്തല.

2) അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി,
ചേർത്തല മുനിസിപ്പാലിറ്റി,
മുനിസിപ്പൽ ഓഫീസ്, ചേർത്തല, ആലപ്പുഴ–688 524.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 08/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 06/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 13/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 28/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ.വി.വിജയകുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്. ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട കെട്ടിടങ്ങളുടെ അസസ്മെന്റ് വിവരങ്ങൾ സൗജന്യമായി നൽകുന്നതിന് അപ്പീൽ അധികാരി റവന്യു വിഭാഗം പി.ഐ.ഒ.യെ ചുമതലപ്പെടുത്തിയിരുന്നു എന്നും

എന്നാൽ ടി രേഖകൾ പി.ഐ.ഒ. നൽകിയിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സൗജന്യമായി ലഭിക്കുവാൻ ആവശ്യമായ നടപടിയും, കാലതാമസം വരുത്തിയതിന് ഒന്നാം എതിർകക്ഷിക്കെതിരെ ശിക്ഷാനടപടിയും സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 6.10.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പഴയ അസ്സസ്മെന്റ് പ്രകാരം 20-ാം വാർഡിൽ 135, 136 എന്നീ നമ്പരുകളിലായി ടിയാന്റെ പേരിലും ഉടമസ്ഥതയിലുമുള്ള രണ്ടു കെട്ടിടങ്ങളുണ്ടെന്നും ടി കെട്ടിടങ്ങൾക്ക് യഥാക്രമം പുതിയ അസ്സസ്മെന്റ് പ്രകാരം 26-ാം വാർഡിൽ 327, 328 എന്നീ നമ്പരുകളിലായി കരം നിശ്ചയിച്ചിട്ടുള്ളതാണെന്നും പഴയ അസ്സസ്മെന്റ് രജിസ്റ്ററിൽ 20-ാം വാർഡിലെ 135, 136 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പേജിന്റെയും അവയ്ക്ക് യഥാക്രമം പുതിയ അസ്സ്മെന്റ് രജിസ്റ്ററിൽ 26-ാം വാർഡിലെ 327, 328 എന്നീ കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങുന്ന പേജിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഓഫീസിൽ ഹാജരായി അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആവശ്യമുള്ള പകർപ്പുകൾക്ക് നിയമാനുസൃത ഫീസ് അടവാക്കുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നതാണെന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ 08.11.2021 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി 06.12.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, 20/135, 20/136 എന്നീ നമ്പരുകളിലുള്ള കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്ന നിലവിലുള്ള അസ്സസ്മെന്റ് രജിസ്റ്ററിന്റെയും ടാക്സ് റിവിഷൻ ചെയ്തതിന് ശേഷമുള്ള ടി നമ്പറുകളുടെ അസ്സ്മെന്റ് രജിസ്റ്ററിന്റെയും പകർപ്പുമാണ് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും ടാക്സ് റിവിഷൻ ജോലികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പുതിയ വാർഡിലെ അസ്സസ്മെന്റ് പകർപ്പ് നൽകുന്നതിന് നിർവ്വാഹമില്ലാത്തതാണെന്നും എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ടി കെട്ടിടങ്ങളുടെ പുതിയ അസ്സസ്മെന്റ് വിവരങ്ങൾ ഡൗൺലോഡ് ചെയ്ത് സൗജന്യമായി നൽകാവുന്നതാണെന്നും ആയതിനായി റവന്യു വിഭാഗം എസ്.പി.ഐ.ഒ.യെ ചുമതലപ്പെടുത്തി ഉത്തരവാകുന്നുവെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ചേർത്തല നഗരസഭയിൽ 8/2021-ൽ നികുതി പരിഷ്ക്കരണം നടത്തി ടാക്സ് ഓൺലൈൻ ആക്കിയിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ജനറേറ്റ് ചെയ്യുന്ന ചില ഡിമാന്റ് നോട്ടീസുകളിൽ അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് ഹെൽപ്പ് ഡെസ്ക്ക് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

ഏർപ്പെടുത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഐ.കെ.എം. വികസിപ്പിച്ചെടുത്ത സഞ്ചയ സോഫ്റ്റ് വെയർ വഴിയാണ് നഗരസഭയിലെ നികുതി പരിഷ്കരണ നടപടികൾ സ്വീകരിച്ചു വരുന്നതെന്നും നഗരസഭ പരിധിയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ടി സോഫ്റ്റ് വെയറിൽ എൻട്രി വരുത്തിയാണ് പരിഷ്ക്കരിച്ച നികുതി ഡാറ്റാബേസ് തയ്യാറാക്കപ്പെടുന്നത് എന്നും പരിഷ്ക്കരിച്ച നികുതി സംബന്ധിച്ച പ്രത്യേകം അസ്സസ്മെന്റ് രജിസ്റ്റർ നഗരസഭയിൽ തയ്യാറാക്കിയിട്ടില്ലാത്തതാണെന്നും അപ്പീൽ അധികാരിയുടെ ഉത്തരവിൻ പ്രകാരം സ്വീകരിച്ച നടപടി സംബന്ധിച്ച് എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും 10.2.2022-ലെ എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് പരിശോധിച്ചതിൽ അപ്പീൽ അധികാരിയുടെ 6.12.2021-ലെ ഉത്തരവ് പ്രകാരം രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകുന്നതിന് എസ്.പി.ഐ.ഒ.യെ ചുമതലപ്പെടുത്തിയ രേഖകൾ അപേക്ഷകന് അയച്ചു കൊടുത്തിട്ടില്ലായെന്നാണ് മനസ്സിലാകുന്നതെന്നും അപേക്ഷകന്റെ താമസസ്ഥലത്തെ വാർഡ് കൗൺസിലർ ശ്രീ. ജോസഫ് മുഖേന രേഖകൾ കൈപ്പറ്റുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയതായും നാളിതുവരെ അപേക്ഷകൻ രേഖകൾ കൈപ്പറ്റിയിട്ടില്ലാത്തതുമാണെന്നും എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമാണ്.

5 അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വളരെ വ്യക്തതയോടെ നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ വിവരം നൽകുന്നതിലും, 6.12.2021-ലെ ഒന്നാം അപ്പീൽ തീർപ്പിൽ രേഖകൾ സൗജന്യമായി ഹർജിക്കാരന് നൽകുവാനുള്ള ഒന്നാം അപ്പീലധികാരിയുടെ നിർദ്ദേശം പാലിക്കുന്നതിലും ഒന്നാം എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച ഉണ്ടായതിനാലാണ് ഹർജിക്കാരന് ഇക്കാര്യത്തിൽ കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. അതുപോലെ തന്നെ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ എത്ര പേജിന് എത്ര ഫീസ്, ഏത് രീതിയിൽ ഒടുക്കണം എന്നുള്ള വിവരങ്ങൾ നൽകാതെ ഓഫീസിൽ ഹാജരായി അസ്സസ്മെന്റ് രജിസ്റ്റർ നേരിട്ട് പരിശോധിച്ച് ആവശ്യമുള്ള പകർപ്പുകൾ ഫീസടച്ചാൽ നൽകുന്നതാണെന്നുമുള്ള എസ്.പി.ഐ.ഒ.യുടെ മറുപടിയും വിവരാവകാശ നിയമപ്രകാരം അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമായതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരിയായ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് 20.4.2022-നകം രേഖാമൂലം കമ്മീഷൻ മുമ്പാകെ

ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളും പകർപ്പുകളും നൽകിയിട്ടില്ലായെങ്കിൽ ടിയാൻ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പൂർണ്ണമായ പകർപ്പുകൾ 15.4.2022-നകം സൗജന്യമായി ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 6-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി